**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 307** | **03-03-2023 - ൽ മറുപടിയ്ക്ക്**

**വിമുക്തി പദ്ധതി വിപുലമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലഹരിയുടെ ഉപയോഗം, വര്‍ദ്ധിച്ചുവരുന്ന റോഡ് അപകടങ്ങള്‍ക്കും സാമൂഹിക വിരുദ്ധ പ്രവര്‍ത്തനങ്ങള്‍ക്കും പ്രധാന കാരണമാണെന്നതിനാല്‍ ഇത് തടയുന്നതിന് വിമുക്തി പദ്ധതി വിപുലമാക്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് ലഹരിയുടെ ഉപയോഗം ഇല്ലാതാക്കുന്നതിന് വിമുക്തി മിഷന്റെ നേതൃത്വത്തിൽ ലഹരിക്കെതിരെ വിവിധ തരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പ്രസ്തുത പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും, അവയുടെ വാർഡുകളിലും ജനപ്രതിനിധികൾ അധ്യക്ഷരായി സാമൂഹിക-സാമുദായിക യുവജന സംഘടനാ പ്രതിനിധികൾ, അധ്യാപകർ, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ തുടങ്ങി വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. സ്കൂളുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് സമൂഹത്തെ ഒന്നാകെ ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിന് സജ്ജമാക്കിയിട്ടുണ്ട്.<br><br>വിദ്യാലയങ്ങൾ ലഹരിമുക്തമാക്കുന്നതിന്റെ ഭാഗമായി സ്കൂൾ/കോളേജ് തലത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ ലഹരി ഉപയോഗിക്കുന്ന വിദ്യാർത്ഥികളെ അതിൽ നിന്നും പിൻതിരിപ്പിക്കുന്നതിന് സ്കൂളുകളിൽ "**ഉണർവ്വ്**" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരികയാണ്. ടി പദ്ധതി കൂടുതൽ സ്കൂളുകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ 500 സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ കായിക ഇനങ്ങളിൽ |

| | | | |
|---|---|---|---|
| | | | പരിശീലനം നടത്തുന്നതിലേക്കായി 'ടീം വിമുക്തി' എന്ന പേരിൽ വിവിധ കായിക ഇനങ്ങളിൽ ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടുതൽ ലഹരി വിരുദ്ധ ക്ലബ്ബുകളിൽ കായിക ടീമുകൾ രൂപീകരിക്കുന്നതിനും പരിശീലനം നൽകുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>യുവജനങ്ങളെ ലഹരി ഉപയോഗത്തിൽ നിന്നും അകറ്റി നിർത്തുക എന്ന ലക്ഷ്യത്തോടെ "ലഹരിക്കെതിരെ കായികലഹരി" എന്ന മുദ്രാവാക്യത്തോടെ വിവിധ കായിക മത്സരങ്ങളും അതോടൊപ്പം കുടുംബശ്രീ, സന്നദ്ധ-യുവജന-സർവ്വീസ് സംഘടനകൾ എന്നിവ മുഖാന്തിരം ബോധവൽക്കരണ ക്ലാസുകളും വൈവിദ്ധ്യമാർന്ന പരിപാടികളും സംഘടിപ്പിച്ച് വരുന്നു.<br><br>ലഹരിക്കെതിരെ സമൂഹത്തിലെ വിവിധ തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ തന്നെ ലഹരിക്ക് അടിമപ്പെട്ടവർക്ക് ആവശ്യമായ ലഹരിമോചന ചികിത്സ നൽകി അവരെ സാധാരണ ജീവിതത്തിലേയ്ക്ക് തിരികെ എത്തിക്കുന്നതിനും പ്രാധാന്യം നൽകുന്നു. ഈ ലക്ഷ്യത്തോടെ വിമുക്തി മിഷൻ ആരോഗ്യവകുപ്പുമായി സഹകരിച്ചുകൊണ്ട് പതിനാല് ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുള്ളതാണ്.<br><br>ലഹരി വ്യാപനത്തിനെതിരെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് വിമുക്തി മിഷന്റെ നേതൃത്വത്തിൽ 'നോ ടു ഡ്രഗ്സ്' എന്ന പേരിൽ വ്യാപകമായ പ്രചാരണ പരിപാടികളാണ് സംസ്ഥാനത്ത് നടത്തിയത്. ഈ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതാണ്. |
| (ബി) | ത്രിതല പഞ്ചായത്തുകളുടെ സാദ്ധ്യത ഉപയോഗപ്പെടുത്തി ഇത്തരം സാമൂഹിക വിപത്തിന് എതിരെ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിച്ച് ലഹരിമുക്ത കേരളം സാക്ഷാത്ക്കരിക്കുന്നതിനായി രൂപീകരിച്ച വിമുക്തി മിഷൻ ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ വിവിധ വകുപ്പുകളെയും സംഘടനകളെയും ഏകോപിപ്പിച്ച് ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് തലത്തിലും പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിലും, ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും, അവയുടെ വാർഡുകളിലും ജനപ്രതിനിധികൾ അദ്ധ്യക്ഷൻമാരായി വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. ജനജാഗ്രതാ സമിതികളുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും, പൊതുസ്ഥലങ്ങൾ കേന്ദ്രീകരിച്ചും ജാഗ്രതാ സദസ്സുകൾ സംഘടിപ്പിക്കുന്നതാണ്. കുടുംബശ്രീയുമായും റസിഡൻസ് അസോസിസേഷനുകളുമായും സഹകരിച്ച് രക്ഷാകർത്താക്കൾക്ക് അവബോധം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ജാഗ്രതാ സമിതികളുടെ നേതൃത്വത്തിൽ ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്തി ചികിത്സയും കൗൺസിലിംഗും നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.<br><br>പ്രൈമറിതലം മുതൽ വിദ്യാർത്ഥികളിലെ സ്വഭാവരൂപീകരണം ലക്ഷ്യമിട്ടും കലാ-കായിക അഭിരുചി വളർത്തുക എന്ന ലക്ഷ്യത്തോടെയും ‘ബാല്യം അമൂല്യം’ എന്ന പേരിൽ ഒരു പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ വകുപ്പിന്റെയും സഹകരണത്തോടെ നടപ്പിലാക്കുന്നതാണ്. രക്ഷാകർത്താക്കൾക്ക് അവബോധം നൽകുന്നതിനായി ബോധവൽക്കരണ ക്ലാസുകളും വിവിധ പ്രവർത്തനങ്ങളും പ്രൈമറിതലം മുതൽ സംഘടിപ്പിക്കുന്നതാണ്. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ വകുപ്പിന്റെയും സഹകരണത്തോടെ സമഗ്രമായ ഒരു കായിക പരിശീലന പരിപാടി സ്കൂളുകളിൽ സംഘടിപ്പിക്കുന്നതാണ്.<br><br>ലഹരിവസ്തുക്കളുടെ ദുരുപയോഗം സംബന്ധിച്ച പരാതികൾ പൊതുജനങ്ങൾക്ക് എക്സൈസ് വകുപ്പിനെ അറിയിക്കുവാൻ ഏർപ്പെടുത്തിയിട്ടുള്ള ഫോൺ നമ്പരുകളും സൗജന്യ കൗൺസിലിംഗിനുള്ള ടോൾഫ്രീ നമ്പരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വ്യാപകമായി പ്രചരിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ